# പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഫെബ്രുവരി 2, വെള്ളിയാഴ്ച

**നമ്പർ 126**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

മുഖ്യമന്ത്രിയുടെ മകളും, മകളുടെ കമ്പനിയും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനിയിൽ നിന്നും നൽകാത്ത സേവനങ്ങൾക്ക് പണം കൈപ്പറ്റി എന്ന ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെയും ആർ.ഒ.സി.-യുടെയും ഗുരുതരമായ കണ്ടെത്തലുകളും അതിനെത്തുടർന്ന് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ അന്വേഷണവും മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ചട്ടം 50 പ്രകാരമുള്ള പ്രസ്തുത നോട്ടീസ് ക്രമപ്രകാരമുള്ളതല്ലായെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

(ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, ബാനർ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

ശ്രദ്ധ ക്ഷണിക്കൽ :

(1) ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന് ആന്റിബയോട്ടിക് സാക്ഷരത നൽകുന്നതുൾപ്പെടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവനചെയ്തു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു)

KNPP. 321/2024(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരിയിലെ ജലജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | തിരുവനന്തപുരം മെഡിക്കൽ കോളേജ് സമഗ്ര വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തു വച്ച കടലാസ്സുകൾ :

2023-ലെ സാമ്പത്തിക അവലോകനം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

റിപ്പോർട്ടുകളുടെ സമർപ്പണം :

i) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ii) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു

iii) സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII - ന്റെ സ്പെഷ്യൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു

ഗവൺമെന്റ് പ്രമേയം :

സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാം തന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ, റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15 - ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്. അതിനു പുറമേയാണ് 15 - ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് ബഹു. രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പം തന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുമുണ്ടാകുന്നു. ഇതെല്ലാം തന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ, കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യവിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യു സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. "

<u>അനൗദ്യോഗിക അംഗങ്ങളുടെ കാര്യം</u> :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

i) ശ്രീ. സി. എച്ച്. കുഞ്ഞമ്പു നോട്ടീസ് നൽകിയ 2021 - ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ പ്രമേയം തുടർചർച്ചകൾക്കായി മാറ്റി.

ii) ശ്രീ. ഇ. കെ. വിജയൻ നോട്ടീസ് നൽകിയ 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന്. ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ പ്രമേയം തുടർചർച്ചകൾക്കായി മാറ്റി.

iii) ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയ 2023 - ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ പ്രമേയം തുടർചർച്ചകൾക്കായി മാറ്റി.

(3) താഴെപ്പറയുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച :

ശ്രീ. എം. രാജഗോപാലൻ, നോട്ടീസ് നൽകിയ 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം തുടർചർച്ചയ്ക്കായി വീണ്ടും മാറ്റി വച്ചു.

2024 ഫെബ്രുവരി 15-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.35 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, February 2, 2024*

**No. 126**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

The notice of adjournment motion was given by DR. Mathew Kuzhalnadan and five other Members to the serious situation reported to have arisen consequent to the findings of Income Tax Interim Settlement Board and R.O.C. and the subsequent investigation by the Serious Fraud Investigation Office that Chief Minister's daughter and her company received money for services not rendered by them from C.M.R.L., which is having collaboration with KSIDC, a public sector organization. The Speaker informed the House that the notice as per Rule 50 is not in order.

(As a mark of protest the Members belonging to the Opposition shouted slogans, hoisted banner and tried to disrupt the proceedings.)

*Calling Attention* :

1. Shri E. Chandrasekharan called the attention of the Minister for Health and Woman and Child Development to the necessity to prevent antibiotic abuse by taking urgent steps including antibiotic literacy promotion. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition boycotted the rest of the proceedings.)

KNPP. 321/2024(ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരിയിലെ ജലജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | തിരുവനന്തപുരം മെഡിക്കൽ കോളേജ് സമഗ്ര വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table* :

The Economic Review of 2023 was on laid the Table by Shri K. N. Balagopal, Minister for Finance.

*Presentation of Reports* :

i) The report of the Subject Committee - VIII on the Kerala State Goods and Services Tax (Amendment) Bill, 2024 was presented.

ii) The report of the Subject Committee - IX on the Kerala Municipality (Amendment) Bill, 2024 and the Kerala Panchayat Raj (Amendment) Bill, 2024 were presented.

iii) The special report of the Subject Committee - XII on the conversion of Health Sub-Centers in the State into *Janakeeya Arogya Kendrangal* was presented.

*Government Resolution* :

The House unanimously adopted the following Government resolution moved by Shri K. N. Balagopal, Minister for Finance urging the Central Government to withdraw from their stand of curtailing the borrowing limit and withholding Central grant to the State.

"സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാം തന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ, റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15 - ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്. അതിനു പുറമേയാണ് 15 - ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് ബഹു. രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പം തന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുമുണ്ടാകുന്നു. ഇതെല്ലാം തന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യവിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യു സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. "

*Private Members' Business :*

I. The Eleventh Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

II. Motion for leave to introduce the following bills:

(i) Shri C. H. Kunhambu moved the motion for leave to introduce The Kerala Hotels and Restaurants' (Maintaining of Standards and Control of Quality and Price of Food and Beverages) Bill, 2021 given notice of by him. Since the motion was opposed by the Minister for Local Self Governments, Rural Development and Excise, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(ii) Shri E. K. Vijayan moved the motion for leave to introduce The Kerala Preservation of Tree in Non-Forest Areas Bill, 2022 given notice of by him. Since the motion was opposed by the Minister for Local Self Governments, Rural Development and Excise, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iii) DR. N. Jayaraj moved the motion for leave to introduce The Kerala Home Nursing Institutions (Registration and Regulation) Board Bill, 2023 given notice of by him. Since the motion was opposed by the Minister for Local Self Governments, Rural Development and Excise, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

III. Motion for leave to introduce the following bill (Continuation of Discussion):

The notice for leave to introduce the Kerala Inter Caste Marriage Family Protection Bill, 2021 given by Shri M. Rajagopalan was set aside for continuation of discussion.

The House adjourned at 10.35 a.m. to meet again at 9.00 a.m on Monday 5, 2024.

SHAJI C. BABY,
*Secretary-in-Charge.*